/215125/2024

# കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

വികാസ് ഭവൻ, തിരുവനന്തപുരം-695033

ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/3021/2024-AudV(1) തീയതി : **27.04.2024.**

## സർക്കുലർ

വിഷയം:- 2019-2021 -ലെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 55 -ാമത് റിപ്പോർട്ടിന്റെ തുടർ നടപടികൾ - സംബന്ധിച്ച്.

സൂചന:- 1) 03.02.2024 -ലെ പി.എസ്.1/11/2024-കൃഷി നമ്പർ സർക്കാർ കത്ത്.

2) LFAC 2019-21 -ലെ 55 -ാമത് റിപ്പോർട്ട്.

2019-21 -ലെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 55 -ാമത് റിപ്പോർട്ടിലെ ചുവടെ ചേർക്കുന്ന നിഗമനങ്ങൾ / ശുപാർശകൾ അനുവർത്തനത്തിനായി എല്ലാ കീഴ് ഓഫീസുകൾക്കും നൽകുന്നു.

1. കൃഷി വകുപ്പ് വഴിയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ വഴിയും പുതുതായി തുടങ്ങുന്ന പദ്ധതികൾക്ക് വീഴ്ചയുണ്ടാകാതിരിക്കാനും അവ കൂടുതൽ വ്യക്തികളിലേയ്ക്ക് എത്തിക്കാനും സ്വീകരിക്കുന്ന നടപടികൾ ഫലപ്രദമാകുന്നു എന്ന് ഉറപ്പ് വരുത്തണമെന്നും പ്രസ്തുത പ്രവർത്തനങ്ങൾ പരിശോധനാ വിധേയമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ( ഖണ്ഡിക 71)

2. സംസ്ഥാനത്ത് മൊത്തത്തിൽ നടപ്പിലാക്കാൻ പറ്റുന്ന കാർഷിക പദ്ധതികൾ വിഭാവനം ചെയ്യാൻ കൃഷി ഭവനുകൾ മുൻകൈ എടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
( ഖണ്ഡിക 174)

3. കർഷകർക്ക് ആവശ്യമായ സേവനങ്ങൾ ഓൺലൈൻ വഴി ലഭിക്കുന്നതിനും കാർഷിക രംഗത്തെ പുതിയ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് കൃഷി ചെയ്യാനും കാലാവസ്ഥാ മാറ്റങ്ങൾ മുൻകൂട്ടി അറിഞ്ഞ് പ്രതിരോധിക്കാനുമുള്ള സംവിധാനങ്ങൾ സമഗ്ര ഇ-കൃഷി പദ്ധതിയിൽ ഉണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കർഷകർക്ക് ഏറെ പ്രയോജനപ്രദമായ ഇ-കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൃഷി സ്ഥലങ്ങളും കർഷകരുടെ വിളകളും മാറുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരങ്ങൾ അപ്ഡേറ്റ് ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ( ഖണ്ഡിക 193)

4. കർഷകത്തൊഴിലാളി പെൻഷനുള്ള അപേക്ഷ നൽകിയാൽ 45 ദിവസത്തിനുള്ളിൽ അതിന്മേൽ തീരുമാനമെടുക്കണമെന്ന് സർക്കാരിന്റെ വ്യക്തമായ നിർദ്ദേശമുണ്ടായിരിക്കെ ആയതിന് നൽകുന്നതിനുണ്ടായ കാലതാമസം സമിതി ഗൗരവമായി കാണുന്നു. ആയതിനാൽ സർക്കാർ നിർദ്ദേശം പാലിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് എല്ലാ കൃഷി ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ( ഖണ്ഡിക 215 )

5. കർഷകത്തൊഴിലാളി പെൻഷനുള്ള അപേക്ഷയിന്മേൽ സമയബന്ധിതമായി റിപ്പോർട്ട് നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. ( ഖണ്ഡിക 216)

6. കർഷകത്തൊഴിലാളി പെൻഷനെക്കുറിച്ചുള്ള അവബോധം തൊഴിലാളികളിൽ സൃഷ്ടിക്കുന്നതിനായി ക്ഷേമനിധി ബോർഡ് മുൻകൈ എടുത്ത് കർഷകത്തൊഴിലാളി സംഘടനകളുടെയും, രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും,, പഞ്ചായത്ത് അംഗങ്ങളുടെയും സഹായത്തോടെ യോഗം വിളിച്ച് ചേർത്ത് അടിയന്തര നടപടികൾ കൈക്കൊള്ളുന്നതിനും ഇക്കാര്യം തൊഴിൽ വകുപ്പിന്റെ കൂടി ശ്രദ്ധയിൽപ്പെടുത്തുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.
( ഖണ്ഡിക 217)

7. തമിഴ് വംശജർ കൂടുതലുള്ള മേഖലകളിൽ കർഷകത്തൊഴിലാളി പെൻഷനുള്ള അപേക്ഷ ഫോറങ്ങളുടെ തമിഴ് പതിപ്പും കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ( ഖണ്ഡിക 218 )

മേൽ നിർദ്ദശങ്ങൾ കർശനമായി നടപ്പിൽ വരുത്തുന്നുണ്ടെന്ന് കൃഷി വകുപ്പിലെ എല്ലാ തലത്തിലെ ഉദ്യോഗസ്ഥരും ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശം നൽകുന്നു.

DIRECTORATE OF AGRICULTURE DEVELOPMENT & FARMERS WELFARE DEPARTMENT THIRUVANANTHAPURAM KERALA

JASSEELA T P
SENIOR FINANCE OFFICER
കൃഷി ഡയറക്ടർക്കു വേണ്ടി

Senior Finance Officer
Directorate of Agriculture
Thiruvananthapuram

പകർപ്പ്:

1) എല്ലാ ഓഫീസുകൾക്കും
2) ഐ.റ്റി സെൽ - വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3) സ്റ്റോക്ക് ഫയൽ & സ്പെയർ